## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1005.

20.03.2013-ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ ഓരോ വർഷവും എത്ര വ്യാപാരികൾ ഫെസ്റ്റിവലിന്റെ ഭാഗമായി രജിസ്റ്റർ ചെയ്യുക യുണ്ടായെന്ന് വെളിപ്പെടുത്തുമോ; | (എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ ഓരോ വർഷവും ഫെസ്റ്റിവലിൽ രജിസ്റ്റർ ചെയ്ത വ്യാപാരികളുടെ എണ്ണം താഴെ വിവരിക്കുന്നു.<br>2007-2008 (സീസൺ-1) - 2195.<br>2008-2009 (സീസൺ-2) - 2435.<br>2009-2010 (സീസൺ-3) - 5008.<br>2010-2011 (സീസൺ-4) - 6305.<br>2011-2012 (സീസൺ-5) - 5548.<br>2012-2013 (സീസൺ-6) - 6341. |
| (ബി) മുൻ വർഷം ജി.കെ.എസ്.എഫിനു വേണ്ടി സർക്കാർ നൽകിയ തുക എത്രയാണ്; മറ്റെന്തെല്ലാം നിലയിൽ എന്തു തുക വരവുണ്ടായി; വിശദമാക്കാമോ; | (ബി) മുൻവർഷം ജി.കെ.എസ്.എഫിനു വേണ്ടി സർക്കാർ 25 കോടി രൂപ അനുവദിക്കുകയുണ്ടായി. മറ്റിനങ്ങളിലായി വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസായി 2,07,00,000/- (രൂപ രണ്ട് കോടി ഏഴ് ലക്ഷം) രൂപയും കൂപ്പണുകളുടെ വിലയായി 6,94,00,000/- (രൂപ ആറു കോടി തൊണ്ണൂറ്റിനാല് ലക്ഷം) രൂപയും സ്പോൺസർഷിപ്പ് ഇനത്തിൽ 4,60,00,000/- (രൂപ നാല് |

| | | | |
|---|---|---|---|
| | | | കോടി അറുപത് ലക്ഷം) രൂപയും വരവുണ്ടായി. |
| (സി) | മുൻവർഷത്തെ ഇന്റേണൽ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | അനുബന്ധം (1) ആയി ചേർത്തിരിയ്ക്കുന്നു. |
| (ഡി) | മുൻവർഷം ജി.കെ.എസ്.എഫിന്റെ ഭാഗമായി ഏതെല്ലാം ദിനപ്പത്രങ്ങൾക്കും ദൃശ്യമാധ്യമങ്ങൾക്കും എന്ത് തുക വീതം പരസ്യം ഇനത്തിൽ നല്കുകയുണ്ടായി; കൂടാതെ പതിനായിരം രൂപയ്ക്കു മേൽ നൽകിയ പരസ്യങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | മുൻവർഷം ജി.കെ.എസ്.എഫിന്റെ ഭാഗമായി പരസ്യ ഇനത്തിൽ നൽകിയ തുകയുടെയും പരസ്യം നൽകിയ ദിനപത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ എന്നിവയുടെയും വിവരം അനുബന്ധം രണ്ടായും, പതിനായിരം രൂപയ്ക്കു മേൽ നൽകിയ പരസ്യങ്ങളുടെ വിവരം അനുബന്ധം മൂന്നായും ചേർത്തിരിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**